# സുവിശേഷ ദീപങ്ങൾ



● ഫാ. ജോസ് ആലുങ്കൽ എസ്ഡിബി




**പൂർവ്വികർ ജീവിതം കരുപിടിപ്പിക്കാനായി കുടിയേറിയ ഇടങ്ങളെയൊക്കെ സുവിശേഷ ദീപ്തിയാൽ നിറച്ചതുപോലെ നമുക്കും സുവിശേഷമാകാൻ സാധിക്കണം. മഴ തോരാതെ പെയ്യുന്ന ദിനമാണ് തോമാശ്ലീഹായുടെ ഓർമ ദിനം. നാം ആയിരിക്കുന്ന ഇടങ്ങളിൽ നമ്മിലൂടെ യേശു തോരാത്ത മഴയായി പെയ്തിറങ്ങട്ടെ.**

മറ്റേതൊരു അപ്പസ്തോലനെയുംപോലെ സ്വപ്നങ്ങളുടെ വലിയ ഭണ്ഡാരവുമായിട്ടാവണം തോമാശ്ലീഹായും ക്രിസ്തുവിനെ അനുധാവനം ചെയ്യാൻ ഇറങ്ങിത്തിരിച്ചിട്ടുണ്ടാവുക. റോമിനെതിരെ പടവെട്ടുന്ന മിശിഹായുടെ അടുത്ത അനുയായിത്തിളങ്ങി, അവന്റെ രാജകീയ മഹത്വത്തിൽ അവനോടൊപ്പം ആയിരിക്കാനുള്ള ആഗ്രഹങ്ങൾ... അവൻ പ്രവർത്തിച്ച അത്ഭുതങ്ങളും വിപ്ലവകരമായ ഇടപെടലുകളൊക്കെ അവന്റെ ശിഷ്യനെന്ന നിലയിൽ തോമാശ്ലീഹായുടെ പ്രതീക്ഷകളും മോഹങ്ങളും വാനോളം ഉയർത്തിയിട്ടുണ്ടാവണം. അങ്ങനെ യേശു തന്റെ ദൗത്യത്തിന്റെ മഹത്വത്തിൽ നിൽക്കുമ്പോൾ നടത്തുന്ന പീഢനുഭവ പ്രവചനങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളാനോ മനസിലാക്കാനോ തോമാശ്ലീഹായ്ക്ക് കഴിയാതെ വരുമ്പോഴും, 'അവനോടൊപ്പം നമുക്കും പോയി മരിക്കാം...' എന്നത് ക്രിസ്തുവിനോടുള്ള സ്നേഹത്തെയാണ് വരച്ചുകാട്ടുന്നത്.

## അത്ഭുതങ്ങളുടെ സാക്ഷി

അവനോടൊപ്പം നമുക്കും പോയി മരിക്കാമെന്ന് പറയുന്ന തോമാശ്ലീഹാ, യേശു കുരിശു മരണത്തിനായി ശത്രുക്കളുടെ കയ്യിൽ ഏൽപ്പിക്കപ്പെടുമ്പോൾ തന്റെ വാഗ്ദാനങ്ങളൊക്കെ മറന്ന് സ്വജീവൻ രക്ഷിക്കാനായി ഗുരുവിനെ ഉപേക്ഷിച്ച് കടന്നുകളയുന്നു. എന്തുകൊണ്ടാവാം തന്റെ ഗുരുവിന്റെ നിർണായകമായ ജീവിത മുഹൂർത്തത്തിൽ അവനോടൊപ്പം ചേർന്നുനിൽക്കാൻ തോമാശ്ലീഹാക്ക് കഴിയാതെ പോയത്? യേശുവിനോടൊപ്പം നിഴൽപോലെ കൂടെയുണ്ടായിട്ടും, അവന്റെ പഠനങ്ങൾ ശ്രവിച്ചിട്ടും അത്ഭുതങ്ങൾക്കൊക്കെ സാക്ഷികളായിട്ടും വ്യക്തിപരമായി അവനെ അനുഭവിക്കാൻ തോമാശ്ലീഹായ്ക്ക് കഴിഞ്ഞിരുന്നില്ല.

ഉത്ഥിതനായ യേശു ശിഷ്യഗണത്തിന് പ്രത്യക്ഷപെടുമ്പോൾ തോമാശ്ലീഹാ അവിടെ ഉണ്ടാവാതിരുന്നത് ദൈവിക പദ്ധതിയുടെ ഭാഗമായിരുന്നില്ലേ? മറ്റു ശിഷ്യരിൽനിന്ന് ഉത്ഥിതനെക്കുറിച്ചുള്ള വിശേഷങ്ങൾ കേൾക്കുമ്പോൾ 'അവനോടൊപ്പം നമുക്കും പോയി മരിക്കാമെന്ന് പറഞ്ഞിട്ടും,' അവനെ ഉപേക്ഷിച്ച് കടന്നുകളഞ്ഞ തോമാശ്ലീഹായുടെ ഉള്ളം വിങ്ങിയിട്ടുണ്ടാവണം. തന്റെ പ്രിയ ഗുരു തന്നെ മറന്നോ? അല്ലെങ്കിൽ അവഗണിച്ചോ? അവന്റെ ആണിപ്പഴുതുകളിലും വിലാപ്പുറത്തും കൈവിരലുകൾ ഇട്ട് സ്പർശിച്ചാലല്ലാതെ അവനെ വിശ്വസിക്കുകയില്ല എന്നത് പിടിവാശിയെക്കാളുപരി ഗുരുവിനെ വ്യക്തിപരമായി അനുഭവിച്ചുകൊണ്ട്, വിശ്വാസനുഭവത്തിലേക്ക് കടന്നുവരാനുള്ള ശക്തമായ അഭിലാഷമായി തിരിച്ചറിയണം.

ഉത്ഥിതൻ വീണ്ടും ശിഷ്യഗണത്തിന് പ്രത്യക്ഷനാകുമ്പോൾ ഗുരുവിന്റെ അസാന്നിധ്യത്തിൽ താൻ പറഞ്ഞ കാര്യങ്ങൾ മനസിലാക്കി തന്നെ തൊട്ടനുഭവിക്കാൻ ക്ഷണിക്കുന്ന ഗുരുവിനെയാണ് തോമാശ്ലീഹാ അവിടെ ദർശിക്കുക. റോമിനെതിരെ പടവെട്ടുമെന്ന് താൻ ആഗ്രഹിച്ച പടനായകനായിട്ടല്ല, ക്രിസ്തുവിനെ തോമാശ്ലീഹാ മനസിലാക്കുക. മറിച്ച്, സർവ്വവും അറിയുന്ന, തന്റെ ഹൃദയത്തിന്റെ മൃദുമന്ത്രണങ്ങൾപോലും കാതോർത്ത് നിത്യജീവനിലേക്ക് തന്നെ നയിക്കുന്ന പാഥേയമാണെന്ന ദൈവാനുഭത്തിന്റെ വെളിച്ചത്തിൽ ദൈവപുത്രനെ ലോകത്തോട് അയാൾ ഏറ്റുപറയുകയാണ്: 'എന്റെ കർത്താവേ... എന്റെ ദൈവമേ...'

## പൂർത്തീകരിച്ച വാഗ്ദാനം

ഈ വ്യക്തിപരമായ ക്രിസ്തുവാനുഭവമാണ് തന്റെ നാടും സംസ്ക്കാരവും കടലും മലകളുമൊക്കെ താണ്ടി സുവിശേഷമായി ഈ വിദൂരദേശത്തേക്ക് വരാൻ തോമാശ്ലീഹായ്ക്ക് പ്രചോദനമായത്. അദ്ദേഹത്തിലൂടെ നൽകപ്പെട്ട സുവിശേഷ ദീപ്തിയാണ് അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്കും അസത്യത്തിൽനിന്ന് സത്യത്തിലേക്കും മരണത്തിൽനിന്ന് ജീവനിലേക്കും നയിക്കുന്ന സുവിശേഷ ദീപ്തിയായി നമ്മെ പ്രകാശിപ്പിച്ചത്. താൻ അനുഭവിച്ച സുവിശേഷത്തെ ജീവിതംകൊണ്ട് പ്രഘോഷിക്കുകയും ചോരചിന്തി അവനോടൊപ്പം മരിക്കാമെന്നുള്ള ആ പഴയ വാഗ്ദാനം അങ്ങനെ അദ്ദേഹം പൂർത്തീകരിക്കുകയും ചെയ്തു.

തോമാശ്ലീഹായുടെ ഓർമദിനാചരണം, വ്യക്തിപരമായ ദൈവാനുഭവത്തിന് വേണ്ടിയുള്ള ആഗ്രഹമായി നമ്മിൽ കത്തിജ്വലിക്കണം. അങ്ങനെയൊരു ക്രിസ്തുവാനുഭവം നമുക്കില്ലാതെ മറ്റുള്ളവരോട് ക്രിസ്തുവിനെ പങ്കുവയ്ക്കാനോ അവന്റെ സ്നേഹത്തിലേക്ക് മറ്റുള്ളവരെ ആകർഷിക്കാനോ സാധിക്കുകയില്ല. നമ്മുടെ യുവജനങ്ങളൊക്കെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ശോഭനമായ ജീവിതം സ്വപ്നം കണ്ട് യാത്രയാവുന്ന കാലമാണിത്. തോമാശ്ലീഹായിൽനിന്ന് ലഭിച്ച വിശ്വാസ പൈതൃകത്തെ എത്തിച്ചേരുന്ന നാടുകളിലുള്ളവരുമായി പങ്കുവയ്ക്കാനും അവരുടെ വിശ്വാസ ദീപ്തിയെ ജ്വലിപ്പിക്കാനും യുവജനങ്ങൾക്ക് കഴിയുന്നുണ്ടോ?

അനുഗ്രഹമായി ലഭിച്ച വിശ്വാസത്തെ മറന്ന് പലരും ഉപഭോഗ സംസ്ക്കാരത്തിന്റെ ഭാഗമായി തീർന്നുകഴിഞ്ഞിരിക്കുന്നു. പൂർവ്വികർ ജീവിതം കരുപിടിപ്പിക്കാനായി കുടിയേറിയ ഇടങ്ങളെയൊക്കെ സുവിശേഷ ദീപ്തിയാൽ നിറച്ചതുപോലെ നമുക്കും സുവിശേഷമാകാൻ സാധിക്കണം. മഴ തോരാതെ പെയ്യുന്ന ദിനമാണ് തോമാശ്ലീഹായുടെ ഓർമ ദിനം. ആയിരിക്കുന്ന ഇടങ്ങളിൽ നമ്മിലൂടെ യേശു തോരാത്ത മഴയായി പെയ്തിറങ്ങട്ടെ.